Draft #1 of File 168815/AC B5-1/2021/AC B 5 Approved by ASSISTANT REGISTRAR I (ACADEMIC) on 29-Nov-2021 12:40 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം - ഏഴാം യു.ജി.സി പദ്ധതി പ്രകാരമുള്ള പുതുക്കിയ പ്രമോഷൻ ഉത്തരവ് നൽകുന്നത് സംബന്ധിച്ച്

---

**അക്കാദമിക് ബി 5 സെക്ഷൻ**

നമ്പർ. 6455/AC B 5/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 29.11.2021

---

*പരാമർശം:*-20.11.2021 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനം - മിനിറ്റ്സ് ഇനം നമ്പർ ഒ .എ. 19/ 21.05

**ഉത്തരവ്**

ആറാം പദ്ധതി പ്രകാരം സ്ഥാനക്കയറ്റ അംഗീകാര ഉത്തരവ് നൽകുകയും എന്നാൽ ഏഴാം പദ്ധതി പ്രകാരം ശമ്പളം ലഭിക്കുകയും ചെയ്ത എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റ അംഗീകാര ഉത്തരവിലെ ശമ്പള സ്കെയിൽ ഏഴാം പദ്ധതി പ്രകാരം പുതുക്കി നല്കുന്നത് സംബന്ധിച്ച് 20.11.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം സൂചന പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടിരിക്കുന്നു

"എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പ്രൊമോഷൻ ഉത്തരവ് ആറാം പദ്ധതി പ്രകാരം നൽകുകയും എന്നാൽ അവർക്ക് ഏഴാം പദ്ധതി പ്രകാരം ശമ്പളം ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രൊമോഷൻ ഉത്തരവ് പുതുക്കി നല്കേണ്ട സാഹചര്യം ഉണ്ട്. പഴയ രീതിയിൽ പ്രൊമോഷൻ ലഭിച്ച അദ്ധ്യാപകർ താഴെ പറയുന്ന രേഖകൾ സഹിതം ഇതിനായി അപേക്ഷ നൽകുന്ന പക്ഷം അവ പരിശോധിച്ച് അവർക്ക് ഏഴാം പദ്ധതി പ്രകാരമുള്ള പുതുക്കിയ പ്രമോഷൻ ഉത്തരവ് നൽകുന്നതിന് ബന്ധപ്പെട്ട സെക്ഷനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു."

**സമർപ്പിക്കേണ്ട രേഖകൾ**

1 . ഏഴാം പദ്ധതി പ്രകാരമുള്ള ഫിക്സേഷൻ സ്റ്റേറ്റ്മെന്റ്
2 . ഓപ്ഷൻ ഫോം
3 . അണ്ടർ ടേക്കിങ്
4 . ആറാം പദ്ധതി പ്രകാരം നൽകിയ പ്രൊമോഷൻ ഉത്തരവിന്റെ പകർപ്പ്
5 . കോളേജ് വിദ്യാഭ്യാസ ഉപമേധാവി ഏഴാം പദ്ധതി അംഗീകരിച്ച് നൽകിയത് സംബന്ധിച്ച് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയതിന്റെ പകർപ്പ്
6. പ്രിൻസിപ്പാളിന്റെ ആമുഖ കത്ത്

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും (ഇ -മെയിൽ മുഖേന )
2. വി.സി /പി.വി.സി യുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാറുടെ പി.എ
4. എ സി സി I / എ സി സി II സെക്ഷൻ
5. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ ക്യൂ എ സി / പി ആർ ഒ
6 .സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി/ റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 168815/AC B5-1/2021/AC B 5 Approved by ASSISTANT REGISTRAR I (ACADEMIC) on 29-Nov-2021 12:40 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം